പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1335 06-02-2020 -ൽ മറുപടിക്ക്

## പ്രകൃതി സംരക്ഷണ യത്നം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ., എ.പി. അനിൽ കുമാർ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | 2018 ലും 2019 ലും രണ്ട് പ്രളയങ്ങൾ തുടർച്ചയായി ഉണ്ടായിട്ടും പ്രകൃതിയെ അമിതമായി ചൂഷണം ചെയ്തതാണ് പ്രസ്തുത പ്രളയത്തിന്റെ കാരണമെന്ന് തിരിച്ചറിഞ്ഞിട്ടും പ്രകൃതി സംരക്ഷണ യത്നങ്ങളിൽ സംസ്ഥാനം ഇപ്പോഴും വളരെ പുറകിലാണെന്നത് വസ്തുതയല്ലേ; | എ) | വസ്തുതയല്ല. ഒരു സമഗ്ര ശാസ്ത്ര പഠനങ്ങളും ഈ അവലോകനത്തിലേക്ക് ശാസ്ത്രീയമായി എത്തിയിട്ടില്ല. |
| ബി) | നിയമവിരുദ്ധമായി എന്ത് ചെയ്താലും ഉദ്യോഗസ്ഥരെയും ഭരണാധികാരികളെയും സ്വാധീനിച്ച് അത് നിയമവിധേയമാക്കാമെന്ന ചിന്താഗതിക്ക് മരടിലെ സുപ്രീം കോടതി വിധി പാഠമായതായി കരുതുന്നുണ്ടോ; | ബി) | അത്തരമൊരു വിലയിരുത്തൽ നടത്തിയിട്ടില്ല. |
| സി) | മരടിലെ ഫ്ളാറ്റുകൾ തകർത്തത് മൂലം സമീപ പ്രദേശങ്ങളിലെ വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കും എന്തെങ്കിലും കേട്പാട് ഉണ്ടായി എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന് എന്ത് നഷ്ടപരിഹാരമാണ് ഇതിനകം നൽകിയത്; | സി) | ഫ്ളാറ്റുകൾ തകർത്തത് മൂലം സമീപത്തുള്ള വീടുകൾക്ക് നാശനഷ്ടങ്ങളൊന്നും സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| ഡി) | സംസ്ഥാനത്തിന്റെ തീരദേശമേഖലയിൽ നടക്കുന്ന കയ്യേറ്റങ്ങൾക്കും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾക്കും എതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | ഡി) | സംസ്ഥാനത്തെ 10 ജില്ലകൾ(പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് ഒഴികെയുള്ള) ഉൾപ്പെടുന്ന തീരദേശമേഖലയിൽ നടക്കുന്ന കയ്യേറ്റങ്ങൾക്കും അനധികൃത നിർമ്മാണ പ്രവർത്തനങ്ങളും റിപ്പോർട്ട് ചെയ്യുന്നതിനായി Coastal District Committees-നെ രൂപീകരിച്ചുള്ളതാണ്. |

സെക്ഷൻ ഓഫീസർ